ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 18.08.2024

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. അടിസ്ഥാന സൗകര്യം, ഡിജിറ്റൽ, ഊർജ്ജം തുടങ്ങി മേഖലകളിൽ ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ തമ്മിലുള്ള ബന്ധം അടുത്ത കാലത്ത് മികച്ച പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the relationship between the countries of the Global South has made great progress in the areas of infrastructure, digital and energy.**

2. ആരോഗ്യ പ്രവർത്തകർക്കരുടെ സുരക്ഷയ്ക്കായി സാധ്യമായതെല്ലാം ചെയ്യുമെന്ന് കേന്ദ്രസർക്കാർ.

   **The central government will do everything possible for the safety of health workers.**

3. ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഇന്ന് കുവൈറ്റിലെത്തും. അന്താരാഷ്ട്ര, മേഖലതല വിഷയങ്ങളിൽ ചർച്ച നടക്കും.

   **External Affairs Minister S Jaishankar will arrive in Kuwait today for an official visit. International and regional issues will be discussed.**

4. മുംബൈ ഭീകരാക്രമണത്തിൽ കുറ്റാരോപിതനായ തഹാവൂർ ഹുസൈൻ റാണയെ ഇന്ത്യയിലേക്ക് തിരിച്ചയക്കാൻ ഉത്തരവിട്ട് അമേരിക്കൻ കോടതി.

   **The US court has ordered the extradition of Mumbai terror attack accused Tahavoor Hussain Rana to India.**

5. കേരളത്തിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോട്ടയം, ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**The Central Meteorological Department has said that widespread rain is likely in Kerala today. Orange alert in Kottayam, Idukki and Kozhikode districts.**

6. ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പിന് മറ്റന്നാൾ ചൈനയിൽ തുടക്കമാകും.

**Badminton Asia junior championship will begin day after tomorrow in China.**

****************************************

## HEADLINE-1

## GLOBAL SOUTH - PM

അടിസ്ഥാന സൗകര്യം, ഡിജിറ്റൽ, ഊർജ്ജം തുടങ്ങി മേഖലകളിൽ ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ തമ്മിലുള്ള ബന്ധം അടുത്ത കാലത്ത് മികച്ച പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയെ വിദൂര ദൃശ്യ സംവിധാനത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗ്ലോബൽ സൗത്തുമായി സഹകരിക്കാനുള്ള ഇന്ത്യയുടെ തീരുമാനം പ്രധാനമന്ത്രി വ്യക്തമാക്കി. വ്യാപാരം, സമഗ്ര വികസനം, സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പുരോഗതി, സ്ത്രീകൾ നയിക്കുന്ന വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും അദ്ദേഹം എടുത്തുപറഞ്ഞു. മൂന്നാമത് വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയ്ക്ക് ഓൺലൈനായി ഇന്ത്യയാണ് ആതിഥ്യമരുളിയത്.

**************************************************

## HEADLINE-2
## IMA- PM LETTER

ആരോഗ്യ പ്രവർത്തകർക്കരുടെ സുരക്ഷയ്ക്കായി സാധ്യമായതെല്ലാം ചെയ്യുമെന്ന് കേന്ദ്രസർക്കാർ. ആരോഗ്യ പ്രവർത്തകർക്കെതിരായ അതിക്രമങ്ങൾ തടയാൻ കേന്ദ്ര നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തെഴുതിയിരുന്നു. ആശുപത്രികളുടെ സുരക്ഷാ മാനദണ്ഡങ്ങൾ വിമാനത്താവളത്തിലേതിന് സമാനമായിരിക്കണമെന്നും ആശുപത്രികളെ സേഫ് സോണുകളായി പ്രഖ്യാപിക്കണമെന്നും സുരക്ഷാ പ്രോട്ടോക്കോളുകൾ നടപ്പാക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിരുന്നു. കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിന്റെ പശ്ചാത്തലത്തിലാണിത്. സംഭവത്തിൽ കൃത്യമായ അന്വേഷണം നടത്തുന്നതിനും ഡോക്ടർമാർക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നും I.M.A. ആവശ്യപ്പെട്ടിട്ടുണ്ട്.

**************************************************

## HEADLINE-3
## JAISHANKAR KUWAIT

ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഇന്ന് കുവൈറ്റിലെത്തും. കുവൈറ്റ് വിദേശകാര്യ മന്ത്രി അബ്ദുള്ള അലി അൽ യാഹ്യയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. കുവൈറ്റ് ഭരണകൂടത്തിലെ മറ്റ് പ്രമുഖരുമായും ശ്രീ ജയ്ശങ്കർ കൂടിക്കാഴ്ച നടത്തും. രാഷ്ട്രീയ, വ്യാപാര, നിക്ഷേപ, ഊർജ്ജ, സാംസ്കാരിക വിഷയങ്ങളിൽ ചർച്ചയുണ്ടാകും. ജനങ്ങൾ തമ്മിലുള്ള ബന്ധം സംബന്ധിച്ചും

ആശയവിനിമയം നടത്തും. അന്താരാഷ്ട്ര, മേഖലതല വിഷയങ്ങളിലും ഇരു കൂട്ടരും ചർച്ച നടത്തും. മധ്യേഷ്യയിലെയും ദക്ഷിണേഷ്യയിലെയും വിഷയങ്ങളിലും ആശയവിനിമയം നടക്കും.

****************************************************

## RAJNATH VISIT

ഇന്ത്യൻ തീരദേശസുരക്ഷാസേനയുടെ അത്യാധുനിക സമുദ്രസുരക്ഷാ ഏകോപന കേന്ദ്രം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ചെന്നൈയിൽ ഉദ്ഘാടനം ചെയ്യും. ഇതിനുപുറമെ ചെന്നൈയിൽ സമുദ്ര മലിനീകരണ നിയന്ത്രണ കേന്ദ്രം, പുതുച്ചേരിയിൽ തീരസംരക്ഷണ സേനയുടെ വ്യോമ നിരീക്ഷണ സംവിധാനം എന്നിവയുടെയും ഉദ്ഘാടനം ശ്രീ രാജ്നാഥ് സിംഗ് നിർവഹിക്കും. തീരദേശ മേഖലയിലെ ജലത്തിൽ കാണപ്പെടുന്ന രാസമാലിന്യത്തെ ഫലപ്രദമായി നേരിടുക എന്ന ലക്ഷ്യത്തോടെയാണ് മലിനീകരണ നിയന്ത്രണ കേന്ദ്രം സ്ഥാപിക്കുന്നത്. സമുദ്രസുരക്ഷ ശക്തമാക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ദ്രുതഗതിയിൽ പ്രതികരിക്കാനും കഴിയുന്ന സാങ്കേതിക വിദ്യയിലൂന്നിയാകും കേന്ദ്രങ്ങളുടെ പ്രവർത്തനം.

****************************************************

## GOVT - FMD MUKT BHARAT (INTRO)

കന്നുകാലികൾ ഉൾപ്പെടെയുള്ള മൃഗങ്ങളിൽ കാണപ്പെടുന്ന കുളമ്പ്-വായരോഗ പ്രതിരോധത്തിനായി സ്വീകരിച്ച് വരുന്ന നടപടികൾ കേന്ദ്ര മൃഗസംരക്ഷണ, ക്ഷീര വകുപ്പ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് വിലയിരുത്തി. 2030-ഓടെ പ്രതിരോധ കുത്തിവയ്പ്പിലൂടെ കുളമ്പ്-വായ രോഗ മുക്ത ഇന്ത്യ എന്നതാണ് ലക്ഷ്യം.

**ഒരു റിപ്പോർട്ട്....**

## (വോയിസ്)

*രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് മാത്രമല്ല കർഷകരുടെ ജീവിതം മെച്ചപ്പെടുത്താനും മൃഗസംരക്ഷണ മേഖല സുപ്രധാനമാണെന്ന് മന്ത്രി രാജീവ് രഞ്ജൻ പറഞ്ഞു. യോഗത്തിൽ 2030-ഓടെ കുളമ്പ്-വായരോഗ മുക്ത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കാനുള്ള കർമ്മ പദ്ധതി സംബന്ധിച്ച് ചർച്ച നടന്നു. തമിഴ്‌നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന, ഉത്തരാഖണ്ഡ്, പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിൽ ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ച നടപടികൾ യോഗം വിലയിരുത്തി. ഇവിടങ്ങളിൽ കുത്തിവയ്പ്പ് നൽകുന്ന പ്രവൃത്തി ഏറെ മുന്നോട്ട് പോയിട്ടുണ്ട്. മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ മൂലം 24,000 കോടി രൂപയുടെ നഷ്ടമാണ് ഓരോവർഷവും ഉണ്ടാകുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. രോഗനിയന്ത്രണം വഴി പാൽ ഉത്പാദനം വർധിക്കും. അങ്ങനെ കർഷകരുടെ വരുമാനവും കൂടുമെന്ന് അദ്ദേഹം പറഞ്ഞു. പ്രതിരോധ കുത്തിവയ്പ്പ് വികസിപ്പിച്ചെടുക്കുന്നത് കേന്ദ്ര സർക്കാരിന്റെ സ്ഥാപങ്ങളാണെന്നത് അഭിമാനകരമാണെന്ന് പറഞ്ഞ മന്ത്രി ഇപ്പോൾ ഈ മരുന്ന് കയറ്റുമതിക്കും രാജ്യം സജ്ജമാണെന്ന് വ്യക്തമാക്കി.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

********************************************************

## HEADLINE-4
## US COURT - RANA

മുംബൈ ഭീകരാക്രമണത്തിൽ കുറ്റാരോപിതനായ തഹാവൂർ ഹുസൈൻ റാണയെ ഇന്ത്യയിലേക്ക് തിരിച്ചയക്കാമെന്നു അമേരിക്കൻ കോടതി. ഇൻഡോ - യു. എസ്. കൈമാറ്റ ഉടമ്പടി പ്രകാരം നിയമപരമായി റാണയെ ഇന്ത്യയ്ക്ക് കൈമാറുന്നതിൽ

തടസ്സമില്ലെന്നാണ് കാലിഫോർണിയയിലെ യു എസ് കോർട്ട് ഓഫ് അപ്പീൽ വ്യക്തമാക്കിയത്. നിലവിൽ ലോസ് അഞ്ചൽസിലെ ജയിലിൽ ആണ് ഇയാൾ. പാകിസ്ഥാൻ ചാര സംഘടന ഐ എസ് ഐയുമായി റാണയ്ക്ക് ബന്ധമുണ്ടെന്നാണ് റിപ്പോർട്ട്.

*******************************************************

## HEADLINE-6

## BADMINTON - JUNIOR C'SHIPS

ഈ വർഷത്തെ ബാഡ്മിന്റൺ ഏഷ്യ ജൂനിയർ ചാമ്പ്യൻഷിപ്പ് മറ്റന്നാൾ ആരംഭിക്കും. ചൈനയിലെ ചെങ്ഡുവിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ അണ്ടർ-15, അണ്ടർ-17 വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടക്കുക. ഇന്ത്യയിൽ നിന്നുള്ള 39 കായികതാരങ്ങളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. ചെങ്ഡുവിൽ നടന്ന ചാമ്പ്യൻഷിപ്പിന്റെ അവസാന പതിപ്പിൽ ഇന്ത്യ ഒരു സ്വർണവും ഒരു വെള്ളിയും ഒരു വെങ്കലവും നേടിയിരുന്നു. 2025 ലെ ചമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിക്കുന്നത് ഇന്ത്യയാണ്.

*******************************************************

## HEADLINE-5

## RAIN-KERALA

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോട്ടയം, ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. തൃശൂർ, പാലക്കാട് ഒഴികെ മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ലക്ഷദ്വീപിലും ഓറഞ്ച് ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കുണ്ട്.

*******************************************************

## SABARIMALA

ശബരിമലയിലെ ഭസ്മക്കുളം പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിന് സ്ഥാനനിർണയം അല്പസമയത്തിനകം. വാസ്തുശാസ്ത്ര വിജ്ഞാന കേന്ദ്രം അധ്യക്ഷൻ K മുരളീധരനാണ് സ്ഥാനനിർണയം നടത്തുന്നത്. ഉച്ചയ്ക്ക് പുതിയ കുളം നിർമ്മിക്കുന്നതിന് തറക്കലിടൽ നടക്കും.

**************************************************

## VELANKANNI-TRAIN

വേളാങ്കണ്ണി ഉത്സവത്തോടനുബന്ധിച്ച് തിരക്ക് കുറയ്ക്കുന്നതിന് തിരുവനന്തപുരം-വേളാങ്കണ്ണി-തിരുവനന്തപുരം പ്രത്യേക ട്രെയിൻ സർവീസ്. ഈ മാസം 21, 28, അടുത്തമാസം 4 തീയതികളിൽ തിരുവനന്തപുരത്തു നിന്ന് വേളാങ്കണ്ണിയിലേക്കും തൊട്ടടുത്ത ദിവസങ്ങളിൽ തിരിച്ചുമാണ് സർവീസ്.

**************************************************

## RADIO PALLIKOODAM

റേഡിയോയിലൂടെ കേൾവിയുടെ കുലീന സംസ്കാരത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്ന റേഡിയോ പള്ളിക്കൂടം" പദ്ധതിക്ക് ആലപ്പുഴ ജില്ലയിലെ തഴക്കര ആത്മാനന്ദവിലാസം സംസ്കൃതസ്കൂളിൽ ഇന്ന് തുടക്കം. സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പദ്ധതിയിൽ റേഡിയോ സമ്മാനിക്കും.

**************************************************

## PM-NAIDU

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായ്ഡു ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി കൂടിക്കാഴ്ച നടത്തി. ന്യൂഡൽഹിയിലായിരുന്നു കൂടിക്കാഴ്ച.

****************************************************

## HEALTH- MONKEYPOX

രാജ്യത്ത് ഇതുവരെ കുരങ്ങുപനി റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം. ലോകാരോഗ്യ സംഘടന കുരങ്ങുപനി പൊതുസമൂഹത്തെ ബാധിക്കുന്ന അന്തർദേശിയ ആരോഗ്യപ്രശ്നമാണ് എന്ന് പ്രഖ്യാപിച്ചതിനു പിന്നാലെയാണ് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡയുടെ നേതൃത്വത്തിൽ ന്യൂ ഡൽഹിയിൽ അവലോകനയോഗം നടന്നത്. രോഗബാധയുണ്ടായാൽ 2 മുതൽ നാല് ആഴ്ചക്കുള്ളിൽ രോഗമുക്തി ലഭിക്കുമെന്നും അണുബാധയുണ്ടായ വ്യക്തിയുമായി ലൈംഗികബന്ധത്തിലൂടെയോ, ശരീര സ്രവങ്ങളിലൂടെയോ, വസ്ത്രങ്ങളിലൂടെയോ ആണ് രോഗം പകരുക എന്നും ആരോഗ്യമന്ത്രാലയം അറിയിച്ചു. രോഗവ്യാപനം ഉണ്ടാകാതിരിക്കാൻ സാധ്യമായതെല്ലാം ചെയ്യും. വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവിടങ്ങളിൽ പരിശോധന സൗകര്യം ഒരുക്കുമെന്നും ശ്രീ നഡ്ഡ വ്യക്തമാക്കി.

****************************************************

## NEPAL FM-INDIA VISIT

നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ദൂബ 5 ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുടെ ക്ഷണപ്രകാരമാണ് സന്ദർശനം. ഇന്ത്യയുടെ അയൽപക്കം ആദ്യം എന്ന നയത്തിൽ നേപ്പാളിന് സുപ്രധാന സ്ഥാനമാണുള്ളതെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ നേപ്പാൾ വിദേശകാര്യ മന്ത്രിയുടെ സന്ദർശനം ഉപകരിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി. പരസ്പര താത്പര്യമുള്ള വിഷയങ്ങൾ ചർച്ചയാകുമെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്താനും

സന്ദർശനം പ്രയോജനപ്പെടുമെന്നും നേപ്പാൾ വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

***************************************************

## TN-SINGER SUSHEELA- ADMITTED

പിന്നണി ഗായിക പി. സുശീലയെ വൃക്ക രോഗത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചെന്നൈയിലെ കാവേരി ആശുപത്രിയിലാണ് ഗായിക ചികിത്സയിൽ കഴിയുന്നത്.

***************************************************

## MAHA CM-APPEAL-FESTIVALS

വരാനിരിക്കുന്ന ഉത്സവങ്ങൾ സമാധാനപരമായി വേണം ആഘോഷിക്കാനെന്നും നിയമപരിപാലനത്തിനു തടസ്സമുണ്ടാകരുതെന്നും മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ. നാസിക് നഗരത്തിലുണ്ടായ അനിഷ്ടസംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് പ്രതികരണം. നിലവിൽ സ്ഥിതിഗതികൾ ശാന്തമാണെന്നും ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനാണ് ജാഗ്രത പുലർത്തേണ്ടതെന്നും ശ്രീ ഷിൻഡെ വ്യക്തമാക്കി.

***************************************************

## FIG-JUICE-EXPORT

മഹാരാഷ്ട്രയിലെ പൂണെ ജില്ലയിലെ പുരന്ദറിൽ നിന്നുള്ള അത്തിപഴ ജ്യൂസ് പോളണ്ടിലേക്ക് കയറ്റുമതി ചെയ്തു. ആദ്യമായാണ് ഇന്ത്യയിൽ നിന്ന് ഇത്തരത്തിൽ ഉടനടി കുടിക്കാനാകുന്ന തരത്തിൽ ജ്യൂസ് കയറ്റുമതി ചെയ്യുന്നത്. കാർഷിക-സംസ്കരിച്ച ഭക്ഷ്യോത്പന്ന കയറ്റുമതി വികസന അതോറിറ്റിയാണ് കയറ്റുമതിക്കായുള്ള സൗകര്യം

ഏർപ്പാടാക്കിയത്. പുരന്ദർ ഹൈലാൻഡ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ് ജ്യൂസ് ഉത്പാദിപ്പിച്ചത്.

**************************************************

## ISRAEL-GAZA STRIKE

മധ്യ ഗസയിലെ അൽ - സവൈദയിൽ ഇസ്രായേൽ വ്യോമാക്രമണത്തെത്തുടർന്ന് ഒരു കുടുംബത്തിലെ 9 കുട്ടികളടക്കം 15 പേർ കൊല്ലപ്പെട്ടു. ഇസ്രായേൽ പ്രതിരോധസേനയ്ക്കുനേരെയുണ്ടായ റോക്കറ്റ് ആക്രമണത്തിന് മറുപടിയായാണ് തിരിച്ചടിച്ചത് എന്ന് ഇസ്രായേൽ പ്രതിരോധസേന വ്യക്തമാക്കി.

*

********************

***********************************************